5. ആരോഗ്യം
6. അടിസ്ഥാന സൗകര്യങ്ങൾ
7. കൈവശഭൂമി
8. വനവുമായുള്ള ആഭിമുഖ്യം
9. സാമൂഹ്യസുരക്ഷ
10. സാമൂഹ്യവികാസം

പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ

220 (6671) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്നറിയിക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഒരു പദ്ധതിയും ആവിഷ്ക്കരിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ്-ഇൻ-എയ്ഡ്

221 (6672) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് നല്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിത്തുക പട്ടികവർഗ്ഗ വികസനവകുപ്പിനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമായി വീതിക്കുന്നതിന് പ്രത്യേക മാനദണ്ഡമുണ്ടോ ; എങ്കിൽ അതെന്താണെന്ന് വിശദമാക്കുമോ ;

(സി) പദ്ധതിത്തുകയുടെയും ഗ്രാന്റ്-ഇൻ-എയ്ഡിന്റെയും ഫലപ്രദമായ വിനിയോഗം നിരീക്ഷിക്കാൻ വകുപ്പിൽ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ;

(ഡി) ഇക്കാര്യത്തിൽ കൈവരിക്കുന്ന ഭൗതികനേട്ടങ്ങൾ വിലയിരുത്താൻ സംവിധാനമുണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡ് നൽകുന്നില്ല. പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ഗ്രാമപ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെയും പട്ടികവർഗ്ഗ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കും 98.61:1.39 എന്ന അനുപാതത്തിൽ വിഭജിച്ച് നൽകുന്നു. ത്രിതല പഞ്ചായത്തുകൾക്ക് ലഭിച്ച ആകെ വിഹിതത്തെ 60:20:20 എന്ന അനുപാതത്തിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കായി വിഭജിച്ച് നൽകുന്നു.

(ബി) സംസ്ഥാന ധനകാര്യ കമ്മീഷന്റെ മാനദണ്ഡപ്രകാരം പട്ടികവർഗ്ഗ വികസനത്തിന് അനുവദിക്കുന്ന മൊത്തം തുകയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയുടെ 12% അധിക തുകകൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷം അനുവദിക്കുന്നു. ബാക്കി തുക പട്ടികവർഗ്ഗ വികസന വകുപ്പിന് അനുവദിക്കുന്നു.

(സി) പട്ടികവർഗ്ഗ വികസനവകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിത്തുകയുടെ ഫലപ്രദമായ വിനിയോഗം നിരീക്ഷിക്കുന്നതിനായി ജില്ലാ ഓഫീസർമാരുടെ യോഗം എല്ലാ മാസവും ചേർന്ന് വിലയിരുത്തുന്നുണ്ട്. പട്ടികവർഗ്ഗ മേഖലയിൽത്തന്നെ തുക വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി വകുപ്പുതല അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന മേഖലകളിലെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് അവരുടെ വിദ്യാഭ്യാസ-ആരോഗ്യ ജീവനോപാധി പശ്ചാത്തല സൗകര്യങ്ങൾ ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങളിലൂടെ അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

പദ്ധതി നടത്തിപ്പ് ഏകോപിപ്പിക്കുന്നതിനായി ഡയറക്ടറേറ്റിൽ ഒരു പ്ലാനിംഗ് മോണിറ്ററിംഗ് സെൽ നിലവിലുണ്ട്. 2012-13 സാമ്പത്തിക വർഷം മുതൽ കോർപ്പസ് ഫണ്ട് വിനിയോഗം ജില്ലാതലത്തിൽ സ്ഥലം എം.എൽ.എ-യുടെ അദ്ധ്യക്ഷതയിൽ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാ മേധാവി, ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്, ഇതര ജനപ്രതിനിധികൾ എന്നിവർ യോഗം ചേർന്ന് അവലോകനം നടത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സർക്കാർ ഉത്തരവ് (സാധാ)നമ്പർ 1192/2012/പജ.പവ.വിവ. തീയതി 7-9-2012 പ്രകാരം പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ ചെയർമാൻ &കൺവീനറും ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായ ഒരു കമ്മിറ്റി സംസ്ഥാന തലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതീക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുകയും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു.

ജില്ലാതല ഉദ്യോഗസ്ഥർ എല്ലാ മാസവും 5-ാം തീയതിക്കകം മാസാന്ത്യ പദ്ധതി പുരോഗതിവിവരം ഡയറക്ടറുടെ വിലയിരുത്തലിനായി ലഭ്യമാക്കുന്നുണ്ട്. അതുപോലെതന്നെ ജില്ലാതലത്തിൽ വിലയിരുത്തലിനായി ജില്ലാകളക്ടർക്ക് നൽകുന്നുണ്ട്. എല്ലാമാസവും അവസാന ശനിയാഴ്ച ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിൽ ജില്ലാതലത്തിലുള്ള പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. പദ്ധതികളുടെ പുരോഗതി സർക്കാർ തലത്തിലും അവലോകനം നടത്തുന്നുണ്ട്.

പ്ലസ് ടു വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനുള്ള ആനുകൂല്യങ്ങൾ

222 (6673) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായിക്കവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്ലസ്ടു-വിന് ശേഷമുള്ള ഉപരിപഠനത്തിന് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) 2013-14 വർഷത്തിൽ ഏതെല്ലാം ഉപരിപഠന കോഴ്സുകൾക്ക് ചേർന്ന വിദ്യാർത്ഥികൾക്കാണ് ഇത്തരത്തിൽ ആനുകൂല്യങ്ങൾ നൽകിയതെന്നും ഇതിനായി എത്രതുക വിനിയോഗിച്ചെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്ലസ് ടു-വിന് ശേഷമുള്ള ഉപരിപഠനത്തിന് അർഹമായ ഫീസിനുപുറമെ ലംസംഗ്രാന്റ്, സ്റ്റൈപ്പന്റ്/പോക്കറ്റ്മണി എന്നിവ നൽകിവരുന്നു.

(ബി) 2013-14 വർഷം വിവിധ ഡിഗ്രി കോഴ്സുൾ, പി.ജി. കോഴ്സുകൾ, പാരാമെഡിക്കൽ കോഴ്സുകൾ, ഡിപ്ലോമ കോഴ്സുകൾ, മെഡിക്കൽ, എഞ്ചിനീയറിംഗ് കോഴ്സുകൾ, പോളിടെക്നിക് കോഴ്സുകൾ തുടങ്ങി വിവിധ ഉപരിപഠന കോഴ്സുകൾക്ക് പ്രവേശനംനേടിയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. ഈയിനത്തിൽ 2013-14 വർഷം ആകെ 18,42,65,673 രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly